ലേഖനം നമ്പർ - 11

# വിശുദ്ധ കുർബ്ബാന - ലഘുവ്യാഖ്യാനം

## വചനശുശ്രൂഷ:

വചനശുശ്രൂഷ വളരെ പ്രാധാന്യം അർഹിക്കുന്നു. ഇവിടെ വായിക്കുന്നത് നമ്മുടെ രക്ഷയ്ക്കും ക്രിസ്തീയ ജീവിതാനുഷ്ഠാനത്തിനും വേണ്ടി ദൈവം തന്ന തിരുവചനത്തിലൂടെ വെളിപ്പെടുത്തിത്തന്ന സത്യങ്ങളെയാണ്. ഈ വചന ശുശ്രൂഷ നമ്മുടെ രക്ഷകന്റെ പരസ്യ ജീവിതത്തന്റെ ആചരണമാണ്. ഇവിടെ ഒരു കാര്യം ഓർക്കുന്നത് നന്നായിരിക്കും. പഴയ നിയമം വായിക്കുന്നത് വി. കൂർബ്ബാന ആരംഭിക്കുന്നതിനു മുമ്പാണ്. വചന ശുശ്രൂഷയിൽ പഴയ നിയമം വായിക്കുന്നില്ല. വി. കൂർബ്ബാന പുതിയ നിയമത്തിന്റെ കൂദാശയാകയാൽ വി. കുർബ്ബാന തുടങ്ങുന്നതിനു മുമ്പ് പഴയ നിയമം വായിക്കുന്നു. വി. കുർബ്ബാനയ്ക്കു മുമ്പ് പഴയ നിയമത്തിൽ നിന്നും തുടർന്ന് പുതിയ നിയമത്തിൽ നിന്നും വായിക്കുന്നതിനാൽ യേശുക്രിസ്തു സഭയെ പഴയനിയമത്തിന്റെ തുടർച്ചയായി കരുതിയിരുന്നെന്നു മനസ്സിലാക്കാം.

(വടക്കു വശത്തും തെക്കു വശത്തും ശുശ്രൂഷകന്റെ വായന) വചനത്തിന് നമ്മുടെ സഭ വളരെ പ്രാധാന്യം കൽപിച്ചിട്ടുണ്ട്. അതുകൊണ്ട് വിശുദ്ധ കുർബ്ബാനയിലും മറ്റു കൂദാശകളിലും ധാരാളം വേദപുസ്തക വാക്യങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഉയിർപ്പിനുശേഷം ശിഷ്യന്മാരെ വിശ്വാസത്തിൽ ഉറപ്പിച്ച് അവരോടു കൽപിച്ചത് ഇപ്രകാരമാണ്. നിങ്ങൾ ഭൂലോകം ഒക്കെയും പോയി സകലജാതികളോടും സുവിശേഷം പ്രസംഗിപ്പിൻ (മർക്കോ 16:15). ഈ അടിസ്ഥാനത്തിലാണ്
ഭൂവിലശേഷം ദൈവത്താൽ.......................................................................
(ദൈവത്താൽ അയക്കപ്പെട്ടവരായ ശ്ലീഹന്മാർ ഭൂമിയിൽ എല്ലായിടത്തും പോയി ഭൂമിയിലൂടെ അതിർത്തികൾവരെയുള്ള ജാതികളുടെ ഇയിൽ ചെന്ന് സുവിശേഷം അറിയിച്ചു. അത് സ്വീകരിക്കുന്നവർക്ക് ഭാഗ്യവും സ്വർഗ്ഗരാജ്യവും ലഭിക്കുമെന്ന് അറിയിച്ചു.)എന്ന ഗാനം ജനങ്ങൾ പാടുന്നത്. അതിനുശേഷം ഒരു ശുശ്രൂഷക്കാരൻ കർത്താവിന്റെ വചന ശുശ്രൂഷയിലേക്ക് ജനത്തെ വി. യോഹന്നാന്റെ ശൈലിയിൽ ഹാബീബായ് (എന്റെ വാത്സല്യമുള്ളവരെ) എന്ന് അഭിസംബോധനം ചെയ്ത് അപ്പോസ്തല പ്രവർത്തികളിൽ നിന്നോ, പൊതുലേഖനങ്ങളിൽ നിന്നോ ആ ദിവസത്തെ പ്രത്യേകതയെക്കുറിച്ചുള്ള ലേഖനം വായിക്കുന്നു. ഈ സംബോധന ആദ്യം യഹൂദന്മാരെ സുവിശേഷം അറിയിച്ചതിനെ സൂചിപ്പിക്കുന്നു. ഇതിനെ തുടർന്ന് ശിഷ്യന്മാർ അറിയിച്ച സുവിശേഷത്തിനെതിരായി സ്വർഗ്ഗത്തിൽ നിന്നു പോലും ആരെങ്കിലും വചനം അറിയിച്ചാൽ നിങ്ങൾ അത് അനുസരിക്കരുതെന്നും അപ്രകാരം അറിയിക്കുന്നവർ ശപിക്കപ്പെട്ടവരാണെന്നും ഉടൻ ബോധിപ്പിക്കുന്നു

പൗലോശ്ലീഹ ധന്യൻ.......................................................................
(ഗലാ. 1:5–9), ധന്യനായ പൗലോസ് ശ്ലീഹാ പറഞ്ഞ വചനം ഞാൻ കേട്ടു. നിങ്ങളെ ഞങ്ങൾ അറിയിച്ചതല്ലാതെ മറ്റെന്തെങ്കിലും ആരെങ്കിലും വന്ന് അറിയിച്ചാൽ അത് സ്വർഗ്ഗത്തിലെ ഭൂതനായാൽപോലും, അവൻ സഭയുടെ ശാപം ഏൽക്കും. പല വിധത്തിലുള്ള ഉപദേശങ്ങൾ ഈ ഭൂമിയിൽ മുളച്ചു പരക്കുന്നു. എന്നാൽ ദൈവത്തിന്റെ ഉപദേശം മാത്രം ആരംഭിച്ച് അവസാനിപ്പിക്കുന്നവൻ അനുഗ്രഹീതനാകുന്നു.)

(ഗലാ 1:8) എന്ന ഗീതം ജനങ്ങൾ പാടുന്നു. അതിനു ശേഷം ശുശ്രൂഷക്കാരൻ മദ്ബഹായുടെ തെക്കുവശത്ത് വന്ന് ജനങ്ങളെ വി. പൗലോസിന്റെ ശൈലിയിൽ ആഹായ് (എന്റെ സഹോദരങ്ങളെ) എന്ന് സംബോധന ചെയ്തു അപ്പോസ്തലനായ വിശുദ്ധ പൗലോസിന്റെ ലേഖനത്തിൽ നിന്ന് വായിക്കുന്നു. ശ്ലീഹാവായനയ്ക്കു മുമ്പ് പട്ടക്കാരൻ .....ദൈവമേ, നിന്റെയും ദിവ്യന്മാരായ നിന്റെ ശ്ലീഹന്മാരുടെയും വിശുദ്ധ സഭയുടെ പണിക്കാരനും പ്രധാന ശില്പിയുമായ പൗലോസിന്റെയും കൽപനകൾ വെടിപ്പോടും വിശുദ്ധിയോടും കൂടി ആചരിക്കുവാൻ എന്നും ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യേണമേ.... എന്ന് രഹസ്യ പ്രാർത്ഥന നടത്തുന്നുണ്ട്.

തെക്കുവശത്തുള്ള വായന പൗലോശ്ലീഹാ ജാതികളോട് സുവിശേഷം അറിയിച്ചതിനെ സൂചിപ്പിക്കുന്നതിനാലാണ് ഇങ്ങനെയുള്ള സംബോധന. ഈ വചനം ശുശ്രൂഷകർ വായിക്കുന്നത് മദ്ബഹായുടെ നിരപ്പിൽ നിന്ന് ഒരു പടി താഴേക്ക് ഇറങ്ങി നിന്നാണ് വി. പൗലോസിന്റെ വചനം രണ്ടാമതു വായിക്കുന്നത് പൗലോശ്ലീഹായെ ഏറ്റവും ഒടുവിൽ കർത്താവ് വിളിച്ചതുകൊണ്ടാണ്. തെക്കും വടക്കും വചന ശുശ്രൂഷ നടത്തുന്നത് സകല ജാതികളോടും സുവിശേഷം അറിയിച്ചതിനെയും കാണിക്കുന്നു. കർത്താവിന്റെ വചന ശുശ്രൂഷയിലേക്ക് ജനത്തെ ക്ഷണിക്കുകയും പാപനിദ്രയിൽ നിന്നുണരുവാൻ ആഹ്വാനം നൽകുകയും ചെയ്യുന്നു.

ശ്ലീഹാ വായനയ്ക്കുശേഷം ഏവൻഗേലിയോനു മുമ്പായി
ഹാലേലൂയ്യാ ഹാലേലൂയ്യാ സ്തുതിബലികളണച്ചേറിടുമേ.......................................................................
എന്ന ഗീതം ആലപിക്കുന്നു. സ്വർഗ്ഗീയ മഹോന്നതകളിൽ ക്രൂബേന്മാരും, സ്രോപ്പേന്മാരും, മാലാഖമാരും, പ്രധാന മാലാഖമാരും സ്തുതിക്കുന്നവനെ നന്ദി നിറഞ്ഞ സ്നേഹത്തോടും ബഹുമാനത്തോടും, ആനന്ദകരവും, ശ്രേഷ്ഠവും, മഹത്വകരവുമായ ഭാവത്തിൽ ആ ഗായക സംഘത്തോടു ചേർന്ന് നാമും ഹാലേലൂയ്യാ എന്നട്ടഹസിക്കയാണ്. ഹാലേലൂയ്യാ എന്ന സ്വർഗ്ഗീയ സ്തുതി ആലപിച്ചുകൊണ്ട് സ്തുതിയാകുന്ന ബലികളെ തനിക്ക് നിങ്ങൾ അർപ്പിപ്പീൻ, വെടിപ്പുള്ള കാഴ്ചകളെ എടുത്ത് കർത്താവിന്റെ പ്രാകാരങ്ങളിലേക്ക് പ്രവേശിച്ച് തന്റെ വിശുദ്ധ മദ്ബഹാ മുമ്പാകെ കർത്താവിനെ വന്ദിപ്പിൻ എന്ന് ചൊല്ലുന്നു.

*(തുടരും...)* ■

*അഭി. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിൽ ഫാ. പി. ഐ. വർഗ്ഗീസ്, ഫാ. കെ. വൈ. ചാക്കോ, ഫാ. ജിജു വർഗ്ഗീസ് എന്നിവർ തയ്യാറാക്കിയത്.*

Editorial Board: P.T. John, K.K. George (94470 40484), Mammen Abraham & Suma Mathew. Design: Cornet, Cochin
***Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com For Private Circulation only***
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490**





PARISH News
MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM
VOL : 8 • ISSUE : 3 MARCH 2014

## എഡിറ്റോറിയൽ

# ദൈവശിക്ഷ മനസ്സിലാക്കുക

വരുവിൻ നാം യഹോവയുടെ അടുക്കലേക്കുചെല്ലുക. അവൻ നമ്മെ കടിച്ചുകീറിയിരിക്കുന്നു. അവൻ സൗഖ്യമാക്കും. അവൻ നമ്മെ അടിച്ചിരിക്കുന്നു. അവൻ മുറിവു കെട്ടും (ഹോശേയാ 6:1).

സ്നേഹിക്കുന്നവനുമാത്രമേ ശിക്ഷിക്കുവാൻ അധികാരമുള്ളൂ എന്നു പറയാറുണ്ട്. മക്കളെ തല്ലി വളർത്തണമെന്നായിരുന്നു പഴമക്കാരുടെ വിശ്വാസം. ദൈവഭക്തന്മാർ വഴിതെറ്റുമ്പോൾ ചെറിയ ദൈവശിക്ഷകൾ ഉണ്ടായെന്നിരിക്കും. അതു മനസ്സിലാക്കി തിരുത്തുന്നവരെ ദൈവം അനുഗ്രഹിക്കയും വീണ്ടെടുക്കുകയും ചെയ്യുമെന്നാണ് പ്രവാചകന്മാർ വിശ്വസിച്ചിരുന്നത്.

അര നൂറ്റാണ്ടുകൾക്കു മുമ്പ് നമ്മുടെ സഭയിൽ വളരെ പ്രസിദ്ധനായിരുന്ന ഒരു റമ്പാച്ചൻ ഉണ്ടായിരുന്നു. അദ്ദേഹം സാധാരണക്കാരായ ഗ്രാമീണരിൽ പലരേയും സ്നേഹം കൊണ്ട് ദൈവസന്നിധിയിലേക്ക് അടുപ്പിച്ചിരുന്നു. സ്വന്തഗ്രാമത്തിലുള്ള എല്ലാവരും അദ്ദേഹത്തെ സ്നേഹിച്ചിരുന്നു. അദ്ദേഹത്തിന് വളരെ വേണ്ടപ്പെട്ട ഒരു ബാലൻ വളരെ മോശമായി സംസാരിക്കുകയും ബാക്കിയുള്ളവരോട് എപ്പോഴും വഴക്കിടുകയും ചെയ്യുക പതിവായിരുന്നു. അന്നത്തെ ശിക്ഷാരീതിയനുസരിച്ച് പരാതികൾ വരുമ്പോൾ റമ്പാച്ചൻ അവനെ ചൂരൽ കൊണ്ട് ദേഹം പൊട്ടുമാറ് അടിച്ചിരുന്നു. അടികൊണ്ട് കരയുന്ന ബാലനെ അടുക്കൽ വിളിച്ച്, മുറിവിലെല്ലാം എണ്ണപുരട്ടി അവന്റെ വേദന കുറയുന്നതുവരെ കൂടെയിരുന്ന് ദൈവീകകാര്യങ്ങൾ പറഞ്ഞു കൊടുക്കുകയും അവനെ സമാധാനിപ്പിക്കുകയും ചെയ്തിരുന്നു. ഇതു കുറേനാൾ തുടർന്നതിന്റെ ഫലമായി ആ ബാലൻ വളരെ നല്ല സ്വഭാവമുള്ളവനായിതീർന്നു. കാലാന്തരത്തിൽ അദ്ദേഹം ഇപ്പോൾ നമ്മുടെ വളരെ നല്ല ഒരു ഡോക്ടറായി തീരുകയും, പലർക്കും ഉപകാരപ്രദമായ നല്ല കാര്യങ്ങൾ ചെയ്യുന്ന ഒരു ദൈവവിശ്വാസിയും, മനുഷ്യസ്നേഹിയുമായി മാറുകയും ചെയ്തു. റമ്പാച്ചനിൽ നിന്ന് ആ ബാലൻ മനസ്സിലാക്കിയ ദൈവസ്നേഹമാണ് അവനെ നല്ലവനാകുവാനും ജീവകാരുണ്യ പ്രവർത്തനങ്ങൾ ഇപ്പോഴും തുടരുവാനും പ്രേരിപ്പിച്ചത്.

ദൈവഭക്തിയുള്ളവനു മാത്രമെ ചെയ്തതെറ്റിൽ പശ്ചാത്തപിക്കുവാൻ സാധിക്കയുള്ളു. ദാവീദിന്റെ ജീവിതത്തിൽ പിഴവുകൾ സംഭവിച്ചപ്പോൾ ദൈവശിക്ഷയായി ആദ്യജാതനായ പുത്രൻ മരിച്ചതു നാം വായിക്കുന്നുണ്ട്. പക്ഷെ അതു ദൈവം ന്യായമായി തന്ന ശിക്ഷയാണ് എന്നു മനസ്സിലാക്കുന്ന ദാവീദിനെ ദൈവം അനുഗ്രഹിക്കുന്നതു പിന്നീടു നാം കാണുന്നു. തെറ്റു ചെയ്യാത്തവർ ഇല്ല. പക്ഷെ തെറ്റു ചെയ്താൽ അതു തെറ്റായിരുന്നു എന്നു ബോദ്ധ്യമുണ്ടാകുകയാണ് രക്ഷിക്കപ്പെടുവാനുള്ള മാർഗ്ഗം. സ്നേഹിക്കുന്ന ദൈവം ശിക്ഷിക്കുമെന്നും, ആ ശിക്ഷ നമ്മെ നല്ല നടപ്പിലേക്ക് നയിക്കുമെന്നു വിശ്വസിക്കയും ചെയ്യുന്നവരെ ദൈവം ഒരു നാളും കൈവിടുകയില്ല. ■

## ഇടയ ലേഖനം

# നീ എവിടെ...?



(ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത)

ശക്തമായ ഒരന്വേഷണത്തിന്റെ ധ്വനിയാണിത്. പ്രത്യക്ഷത്തിൽ ഈ ചോദ്യം ഉന്നം വയ്ക്കുന്നയാളിന്റെ മേൽഗതിയും നന്മയും അഭിലഷിക്കുന്ന ഒരാളിന്റെ ഉദ്വേഗജനകമായ അന്വേഷണമാണിത് എന്നതു സ്പഷ്ടം. അയാൾ എന്തോ അപകടത്തിലേക്കു പോയേക്കാം എന്ന ഭീതിയോടെയുള്ള അന്വേഷണം തന്നെ. സ്നേഹത്തിന്റേയും, കരുതലിന്റേയും, സഹാനുഭൂതിയുടേയും പ്രകടനമാണ് ഇത്തരമൊരന്വേഷണം.

വി. വേദഗ്രന്ഥത്തിൽ പ്രാരംഭ ഭാഗത്തുതന്നെ ഇതിന്റെ ഹുംകാരം കേൾക്കാം: "ആദമേ, നീ എവിടെ ? " ഏറെ പ്രതീക്ഷയോടെ, എന്നാൽ എല്ലാം അറിയുന്നവനായ സൃഷ്ടാവ്, നിർബ്ബലനെങ്കിലും ശക്തനാകാവുന്ന മനുഷ്യനോടാണ് ഇതു ചോദിക്കുന്നത്. കരുത്തനാകാതെ, മൂഢതമൂലം താളടിയായിപ്പോയ മനുഷ്യത്ത്വത്തിന്റെ കഥ ഇവിടെത്തുടങ്ങുന്നു.

തുടക്കത്തിലെ, തന്റെ ഭാഗ്യാവസ്ഥയെപ്പറ്റി വേണ്ടവണ്ണം ആദം ഗ്രഹിച്ചിരുന്നില്ലേ? അശ്രദ്ധനായാൽ ഉണ്ടായേക്കാവുന്ന ആപത്തുകളെപ്പറ്റി സ്നേഹനിധിയായ പിതാവ് വേണ്ട അറിവു നൽകിയിരുന്നു. "അറിയാതെ അബദ്ധം പിണഞ്ഞുപോയി " എന്നു പറഞ്ഞു തടിതപ്പാനുമാകുന്നില്ല. സുഖ സൗകര്യങ്ങളിലും അനാകുലതയിലും മുഴുകുമ്പോൾ ദുഃഖങ്ങളേയും നഷ്ടങ്ങളേയും പറ്റി അവബോധമുണ്ടാകുന്നത് നല്ലതാണെന്നു പറയാറുണ്ട്. അത് കേവലം ഒരു തിരിച്ചറിവായി നിലനിന്നാൽ മതി.

"വീണുപോകുന്ന" തിനു മുമ്പുള്ള സ്ഥിതിയും, വീഴ്ചയ്ക്കുശേഷമുള്ള പരിതാപകരമായ അവസ്ഥയും താരതമ്യപ്പെടുത്തി ചിന്തിക്കാൻ ഈ ചോദ്യം ധാരാളം മതിയാകും. ദൈവം വീണ്ടും വന്നപ്പോൾ ആദവും ഹവ്വയും ഒളിച്ചിരിക്കയായിരുന്നു. ദൈവത്തിന്റെ കൺവെട്ടത്തുനിന്നും ഒളിഞ്ഞിരിക്കുക അസാദ്ധ്യം. പിന്നെ എന്തേ ഈ ചോദ്യം? ഉത്തരം ലളിതമാണ്. മനുഷ്യനെപ്പറ്റിയുള്ള ഈശ്വരന്റെ പ്രതീക്ഷയും, അശ്രദ്ധയായി, തന്റെ ഉന്നതസ്ഥിതിയും സ്വാതന്ത്ര്യവും നഷ്ടപ്പെടുത്തിയതു വരുത്തിയ വലിയ "നഷ്ടവും" ആദാമെന്ന മനുഷ്യൻ തിരിച്ചറിയേണ്ടേ?

ഈ ചോദ്യം എല്ലാ തലമുറകളിലും മുഴങ്ങിക്കേൾക്കാം. "നീ എവിടെ?" . യാത്ര കുറേ തുടരുമ്പോൾ സുഹൃത്തുക്കളായി, നവശീലങ്ങളായി, താൻ പോരിമയായി.... അങ്ങനെ പലതും നേടിയിരിക്കും. ചിലരെങ്കിലും വഴിമാറിയൊഴുകുന്ന പുഴ പോലെയാണ്. അഴുക്കുചാലിലൂടെ ഒഴുകുന്ന പുഴ അതറിയേണ്ടതല്ലേ? അതുതന്നെയാണ് ഈ ചോദ്യത്തിന്റെ സാംഗത്യം.

ആധുനീക മുനുഷ്യന് ആധുനീകമായ ജീവിതശൈലിയും ശീലങ്ങളുമുണ്ട്. അവയെപ്പറ്റി അഭിമാനിക്കുകയും അവ അനിവാര്യമാണെന്ന് ചിന്തിക്കുകയും ചെയ്തേക്കാം. ഈ ചോദ്യത്തിനു മുമ്പിൽ "വഴി" തെറ്റി സഞ്ചരിക്കുന്നവർ നടുങ്ങിയില്ലെങ്കിൽ, അവർ തിരിച്ചുവരാൻ ഒത്തിരി ബുദ്ധിമുട്ടേണ്ടി വരും. ഇച്ഛിക്കാത്ത തിന്മയും, ഗൗരവമായെടുക്കാത്ത ദുശ്ശീലങ്ങളും ഈ തലമുറയിൽ നടമാടുന്നുണ്ടെന്ന് നിഷ്പക്ഷമതികൾ സമ്മതിക്കും. വീഴുകയില്ലെന്നോ, വീഴുന്നതു വരെ നടക്കാമെന്നോ അത്തരക്കാർ ചിന്തിക്കുന്നുണ്ടാകും. അവർക്കും വീണ്ടുവിചാരത്തിന്റെ നടുക്കം വരുത്താൻ പോരുന്നതാണ് കരുത്തുറ്റ ഈ ചോദ്യം : "നീ എവിടെ? "
ഇതു വായിക്കുമ്പോൾ, ഈ ചോദ്യം എന്നോടാണെന്നു നിനക്കുന്നവൻ നേർവഴിക്കു പോകാൻ ആഗ്രഹിക്കുന്നവനാണ്. ■

## വികാരിയുടെ കത്ത്

### വലിയ നോമ്പ് വ്രതശുദ്ധിയുടെ പുണ്യദിനങ്ങൾ

**ഫാ. പി. ഐ. വർഗ്ഗീസ്**



ആദ്ധ്യാത്മീക ശിക്ഷണത്തിന്റെ പാരമ്യ ദിനങ്ങളിലേക്ക് പരിശുദ്ധ സഭ പ്രവേശിക്കുകയാണ്. ആത്മീകശക്തി ആർജ്ജിക്കുവാനും ആത്മീയതയിൽ വളരുവാനുമുള്ള മുഖ്യ ഉപാധികളായ നോമ്പും ഉപവാസവും അനുഷ്ഠിച്ചുകൊണ്ട് മഹത്തായ ഒരു ആരാധനാ തീർത്ഥാടനത്തിന് വിശ്വാസി സമൂഹം ഒരുങ്ങിക്കഴിഞ്ഞിരിക്കുന്നു. നമ്മുടെ കർത്താവ് നാൽപ്പതു ദിവസം ഉപവസിച്ചതിന്റെ മാതൃകയിൽ ലോകമെമ്പാടും നാൽപ്പതുദിവസം ഉപവസിക്കുന്നുവെന്ന് എ.ഡി. 340 ൽ വി. മാർ അത്താനാസിയോസ് എഴുതിയിട്ടുള്ളത് പ്രായോഗിക ജീവിതത്തിൽ നാം അന്വർത്ഥമാക്കുകയാണ്. കാതോലിക സഭകൾ എല്ലാം തന്നെ അന്നു മുതൽ നാൽപ്പതു ദിവസത്തെ നോമ്പ് അംഗീകരിച്ചു കഴിഞ്ഞിരുന്നു.

ദൈവത്തിൽ നിന്നും ഇതരസമ സൃഷ്ടികളിൽ നിന്നും മനുഷ്യനെ അകറ്റുന്ന തിന്മയോടും പ്രലോഭനങ്ങളോടുമുള്ള പോരാട്ടമാണ് നോമ്പ്. ഈ പോരാട്ടത്തിൽ നോമ്പ് തോൽക്കാത്ത ഒരായുധമായിത്തീരണം. ജീവനോടിരിക്കുന്നവർ മാത്രമല്ല നിത്യതയിലേക്ക് പ്രവേശിച്ചിരിക്കുന്ന പൗരോഹിത്യവൃന്ദങ്ങളും വിശ്വാസികളായ സകല വാങ്ങിപ്പോയവരും ഈ പോരാട്ടത്തിൽ നമ്മോടൊപ്പമുണ്ട് എന്നതിന്റെ പ്രതീകമായി അവരുടെ മദ്ധ്യസ്ഥത യാചിച്ചുകൊണ്ടാണ് വലിയ നോമ്പിലേക്ക് പ്രവേശിക്കുന്നത്.

ഒരു പക്ഷിയുടെ രണ്ടു ചിറകുകൾ പോലെയാണ് പ്രാർത്ഥനയും ഉപവാസ ബന്ധിത നോമ്പും. ഇവ പരസ്പര പൂരകങ്ങളും നമ്മെ പറന്നുയരുവാൻ സഹായിക്കുന്ന ഘടകങ്ങളുമാകുന്നു. പ്രാർത്ഥന കരുത്താർജ്ജിക്കുന്നത് ഉപവാസത്തോടുകൂടി അനുഷ്ഠിക്കുമ്പോഴാണ്. ശാരീരിക ഇച്ഛകൾക്ക് കടിഞ്ഞാണിട്ട് ആത്മശിക്ഷണം സാദ്ധ്യമാക്കുകയും ദൈവാഭിമുഖ്യത്തിലേക്ക് മനസ്സും ആത്മാവും തിരിയുന്നതിന് അത് ഇടയാക്കുകയും ചെയ്യുന്നു. അങ്ങനെ ശരീരാത്മ മനസ്സുകളെ സമന്വയിപ്പിക്കുവാൻ പ്രാർത്ഥനയ്ക്കും ഉപവാസത്തിനും കഴിയുന്നു.

പ്രാർത്ഥനയെപ്പറ്റി ധാരാളം പുസ്തകങ്ങളും കൃതികളും ഉണ്ടായിക്കൊണ്ടിരിക്കുമ്പോഴും അതിനോട് ചേർന്നു നിൽക്കുന്ന ഉപവാസത്തെപ്പറ്റി അധികം രചനകൾ ഉണ്ടാകുന്നില്ല എന്ന യാഥാർത്ഥ്യം നാം വിസ്മരിച്ചുകൂടാ. എല്ലാ മതങ്ങളിലും ഉപവാസം ആചരിക്കപ്പെടുന്നുണ്ട്. അനുഷ്ഠാനങ്ങളിൽ വ്യത്യാസമുണ്ടെന്ന് മാത്രം. പ്രകൃതി ചികിത്സയിൽ പോലും ഉപവാസമുറകൾ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ആരോഗ്യ സംരക്ഷണത്തെക്കരുതിയാണെങ്കിൽ കൂടിയും.

ഓർത്തഡോക്സ് പാരമ്പര്യത്തിൽ ഉപവാസത്തിന് അനിഷേധ്യമായ ഒരു സ്ഥാനവും പ്രാധാന്യവുമുണ്ട്. മഹാ പരിശുദ്ധന്മാരായ പ. പരുമല തിരുമേനിയും, പ. വട്ടശ്ശേരിൽ തിരുമേനിയും, പ. പാമ്പാടിതിരുമേനിയും ആദ്ധ്യാത്മീക പരിജ്ഞാനത്തിൽ പാരംഗതന്മാരായി തീർന്നതും ആത്മീയ കിരണങ്ങളാൽ പ്രശോഭിതരായി തീർന്നതുമെല്ലാം പ്രാർത്ഥന, നോമ്പ്, വ്രതാനുഷ്ഠാനങ്ങൾ, ഇവയോടുള്ള അടങ്ങാത്ത അഭിനിവേശവും വിട്ടുവീഴ്ച്ചയില്ലാത്ത അനുഷ്ഠാനങ്ങൾ കൊണ്ടുമായിരുന്നുവെന്ന യാഥാർത്ഥ്യം വിസ്മരിച്ചുപോകരുത്.

ഇന്നും ഉപവാസം കർശനമായി പാലിക്കുന്ന സഭകളാണ് എത്യോപ്യൻ സഭയും, കോപ്റ്റിക് സഭയും. സിറിയൻ സഭയിൽ ഈ പൂർവ്വിക പാരമ്പര്യം ഇന്ന് കൈമോശം വന്ന അവസ്ഥയാണ്. ഇതു തന്നെയാണ് മലങ്കരസഭയെ സംബന്ധിച്ചും പറയാനുള്ളത്. ആധുനീകതയുടെ അതിപ്രസരവും ഭൗതീകതയുടെ സ്വാധീനവും പാശ്ചാത്യ രീതികളുടെ കടന്നാക്രമണവും ഒരു പരിധിവരെ ഇതിന് കാരണമായി ചൂണ്ടിക്കാണിക്കാം.

ആദാമും ഹവ്വായും നേരിട്ട പ്രലോഭനം ഇന്നും വിശ്വാസികൾക്കു നേരിടേണ്ടി വരുന്നുണ്ട്. പ്രാർത്ഥനയാലും ഉപവാസത്താലും ഈ പോരാട്ടത്തെ ജയിക്കുവാൻ യേശു പഠിപ്പിച്ചു. പക്ഷെ ഭൗതികതയിൽ മുങ്ങിത്തുടിക്കുന്ന ആധുനീക മനുഷ്യനും നിയന്ത്രണങ്ങൾ ഇഷ്ടപ്പെടാത്ത നവീന സമൂഹവും ഉപവാസമെന്ന നിഷ്ഠ പാലിക്കണമെന്ന് പ്രതീക്ഷിക്കുന്നത് വ്യാമോഹമാണെങ്കിലും യഥാർത്ഥ ഉപവാസം സഭാംഗങ്ങളെ പരിശീലിപ്പിക്കുവാൻ സഭയ്ക്ക് ചുമതലയുണ്ട്. ■

## കുടുംബ വിശേഷങ്ങൾ

### വിവാഹം



വടുതല ഉദയഞ്ചേരിൽ പരേതനായ ശ്രീ. വി. ജോസഫിന്റേയും ശ്രീമതി സുഷമ ജോസഫിന്റേയും മകൻ **RIJU NIRMAL JOSE** ഉം ഫിലിപ്പൈൻസ് Mr. Sefredo Abellera യുടെയും Mrs. Elizabeth Dulay Abellera യുടെയും മകൾ **OFELIA DULAY** യും തമ്മിലുള്ള വിവാഹം 16-2-2014 ൽ കത്തീഡ്രലിൽ നടന്നു.

എറണാകുളം സൗത്ത് റോഹിണിയിൽ Dr. Georgey k Ninan ന്റെയും Dr. Mrs. Roshan George ന്റെയും മകൾ **ROSHINI** യും ചെങ്ങന്നൂർ തരകന്റയ്യത്ത് Dr. Ashok Cherian ന്റെയും Smt. Usha Cherian ന്റെയും മകൻ **ASWIN** ഉം തമ്മിലുള്ള വിവാഹം 2-2-2014 ൽ അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ നടന്നു.

കടവന്ത്ര മഞ്ഞള്ളൂർ ശ്രീ. വറുഗീസ് ഈപ്പന്റെയും ശ്രീമതി. ലത വറുഗീസിന്റെയും മകൾ **മരിയ വറുഗീസും** മുളന്തുരുത്തി ചാത്തുരുത്തി ശ്രീ. വിനോദ് ജോർജ്ജിന്റെയും ശ്രീമതി ആനി ജോർജ്ജിന്റെയും മകൻ **രോഹിത് ജോർജ്ജും** തമ്മിലുള്ള വിവാഹം 23-2-2014 ൽ കത്തീഡ്രലിൽ നടന്നു.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

### മാമോദീസ

വടുതല ഉദയഞ്ചേരിൽ ശ്രീ. ബിജു നിർമ്മൽ ജേക്കബിന്റെയും ശ്രീമതി ദീപ ബിജുവിന്റെയും മകൻ **ജോസഫ്** 1-2-2014 ൽ മാമോദീസാ സ്വീകരിച്ചു.

വൈറ്റില ആലക്കപറമ്പിൽ ശാന്തി ഭവനിൽ ശ്രീ. ബിനു മത്തായിയുടെയും ശ്രീമതി ലിസ മാത്യു ബിനുവിന്റെയും മകൻ **മത്തായി ബിമൽ ബിനു** 9-2-2014 ൽ മാമോദീസാ സ്വീകരിച്ചു.

പൊന്നുരുന്നി അമ്പലത്തിങ്കൽ ശ്രീ. അബു ഏബ്രഹാം തോമസിന്റേയും ശ്രീമതി അമ്പിളി അബുവിന്റേയും മകൾ **എലിസബേത്ത്** 9-2-2014 ൽ മാമോദീസാ സ്വീകരിച്ചു.

*ഈ പൈതങ്ങൾക്ക് ദൈവകൃപ ആശംസിക്കുന്നു*

### വിശേഷ ദിവസങ്ങൾ

**മാർച്ച്**

| | | |
|---|---|---|
| 9. | ഞായർ | കുഷ്ഠരോഗിയെ സൗഖ്യമാക്കിയ ഞായറാഴ്ച |
| 16. | ഞായർ | തളർവാതരോഗിയെ സൗഖ്യമാക്കിയ ഞായറാഴ്ച |
| 17. | തിങ്കൾ | പൗലോസ് മാർ സേവേറിയോസ് തിരുമേനിയുടെ ഓർമ്മ(കൊരട്ടി) |
| 23. | ഞായർ | ക്നാനൊയിത്തോ- ക്നാനായക്കാരിയുടെ മകളെ സൗഖ്യമാക്കിയ ഞായറാഴ്ച |
| 25. | ചൊവ്വ | വചനിപ്പ് പെരുന്നാൾ |
| 26. | ബുധൻ | പാതി നോമ്പ് |
| 30. | ഞായർ | കൂനിയെ സൗഖ്യമാക്കിയ ഞായർ |

**ഏപ്രിൽ**

| | | |
|---|---|---|
| 5. | ശനി | കുര്യാക്കോസ് മാർ ഗ്രഗോറിയോസ് തിരുമേനിയുടെ ഓർമ്മ |
| 6. | ഞായർ | കുരുടനെ സൗഖ്യമാക്കിയഞായർ |





## ദൈവം കൂടെയുള്ളപ്പോൾ......

**കെ. കെ. ജോർജ്ജ്**

2014 ഫെബ്രുവരി 13 നാണ് ബഹു. പ്രിൻസ് മാത്യു അച്ചന്റെ നേതൃത്വത്തിൽ ഞങ്ങൾ 33 പേർ 'റിയ'ട്രാവൽസ് ഒരുക്കിയ 10 ദിവസത്തെ വിശുദ്ധ നാട് സന്ദർശനത്തിനു പുറപ്പെട്ടത്.

യാത്രാമദ്ധ്യേ ഫെബ്രുവരി 18 ാം തീയതി പതിവുപോലെ പകലത്തെ യാത്രാക്ഷീണത്തിനടിമകളായി എല്ലാവരും ഇസ്രായേൽ - ബേത്ലഹേമിലെ (പാലസ്തീൻ) "ഇമാൻ റീജൻസി ഇന്റർനാഷ്ണൽ ഹോട്ടൽ" മുറികളിൽ വിശ്രമത്തിനായി പിരിഞ്ഞു. രാത്രി ഏകദേശം മൂന്നു മണിക്ക് അപകടസൂചനക്കുള്ള സൈറൻ കേട്ട് എല്ലാവരും ഞെട്ടിയുണർന്നു. ഞങ്ങൾ എല്ലാവരും മുറി തുറന്ന്, എന്താണ് നടക്കുന്നതെന്നു തിരക്കി. അറബിക്കിലും ഇംഗ്ലീഷിലും അറിയിപ്പും കേട്ടുതുടങ്ങി, "പാസ്പോർട്ടും എടുത്ത് എത്രയും വേഗം വിദേശീയർ ഹോട്ടൽ വിട്ടു പോകണം" എന്നായിരുന്നു അറിയിപ്പ്. ഒട്ടും സമയം കളയാനില്ലെന്നുള്ള ഓർമ്മപ്പെടുത്തലും. എല്ലാവരും വളരെ പെട്ടെന്ന് പാസ്പോർട്ടും എടുത്ത് റിസപ്ഷനിൽ എത്തി. ഓട്ടത്തിനിടയിലും സൈറണും, അറിയിപ്പുകളും തുടർന്നുകൊണ്ടിരുന്നു.

റിസപ്ഷനിൽ എത്തിയപ്പോൾ ഒരു പ്രത്യേകതയും കാണാതിരുന്നത് ഞങ്ങളെ അത്ഭുതപ്പെടുത്തി. പുറത്ത് റോഡിലും അവിചാരിതമായി ഒന്നും കണ്ടില്ല. എന്തു ചെയ്യണമെന്ന് അറിയാതിരുന്ന ഞങ്ങളോട് ഇതൊരു സാധാരണ സംഭവമെന്ന പോലെ നിസംഗതയോടെ, റിസപ്ഷനിസ്റ്റ് പറഞ്ഞത് "നിങ്ങൾ കേട്ടത് ഒരു (false alarm) തെറ്റായ അറിയിപ്പാണ്" എന്നായിരുന്നു. എല്ലാവരും പോയി ഉറങ്ങിക്കൊള്ളുവാനും പറഞ്ഞു. കുറച്ചു സമയം റിസപ്ഷനിൻ നിന്നിട്ട് എല്ലാവരും അവരവരുടെ മുറികളിലേക്കു പോയി.



وصول أول وفد سياحي إلى طابا بعد الحادث الإرهابي

فرحة بين السائقين والعاملين بسبب عدم توقف الرحلات

ഞങ്ങളുടെ ഫോട്ടോയും ന്യൂസുമായി ഇറങ്ങിയ 20-ാം തീയതിയിലെ ഈജിപ്റ്റ്യൻ ദിനപ്പത്രം.

ഞങ്ങളുടെ കൂടെയുണ്ടായിരുന്ന അമേരിക്കൻ പൗരത്വമുള്ള അയിരൂർകാരൻ ജോയിച്ചായൻ മാത്രം ഇതൊന്നുമറിഞ്ഞില്ല. ഞങ്ങൾ തിരിച്ചു മുറിയിലെത്തി പരസ്പരം സംസാരിക്കുന്ന ശബ്ദം കേട്ടാണ് അദ്ദേഹം ഉണരുന്നത്. ഉണർന്ന ഉടൻ തന്നെ ഞങ്ങളോട് വിശേഷങ്ങൾ തിരക്കിയിട്ട് ഒന്നും സംഭവിക്കാത്ത മട്ടിൽ മുറിയടച്ചുറങ്ങി. താഴെ കണ്ട റിസപ്ഷനിസ്റ്റും, ജോയിച്ചായനും ഒരേ സ്വഭാവക്കാർ എന്നു തോന്നി. മനുഷ്യമനസ്സിന്റെ വിവിധ ഭാവങ്ങൾ.

ഞങ്ങൾ ഇത്രയും ഭയപ്പെട്ടതിന്റെ കാരണം താഴേക്കു വായിക്കുമ്പോൾ മനസ്സിലാകും.

ഞങ്ങൾ പോകുന്ന വിവരമറിഞ്ഞ, വിദേശരാഷ്ട്രീയത്തിൽ വിദഗ്ദ്ധരായ ചില സ്നേഹിതർ, ഈജിപ്റ്റിലും മറ്റും പോകുവാൻ സമയമത്ര അനുകൂലമല്ല എന്നു ഉപദേശിച്ചിരുന്നു. പാലസ്തീൻ, അമാൻ എന്നിവിടങ്ങളിൽ ഏതു സമയത്തും പ്രശ്നങ്ങൾ ഉണ്ടാവാനിടയുള്ളതു കൊണ്ട് അതത്ര കാര്യമാക്കാതെയാണ് യാത്രയാരംഭിച്ചത്. അമാനിൽ നിന്ന് റോഡ് മാർഗ്ഗം കാഴ്ചകൾ കണ്ട് ജോർധാനിൽ കൂടിയുള്ള ഞങ്ങളുടെ യാത്ര ആത്മീയമായി വളരെ വിജ്ഞാനപ്രദമായിരുന്നു. എല്ലാവരും വേദപുസ്തകത്തിൽ മാത്രം വായിച്ചറിഞ്ഞിട്ടുള്ള സംഭവങ്ങളുടെ സ്ഥലങ്ങൾ നേരിൽ കണ്ട് സായൂജ്യമടയുകയായിരുന്നു. യാത്രയിലുടനീളമുണ്ടായിരുന്ന പ്രാർത്ഥനയും, ക്രിസ്തീയ ഗീതങ്ങളും, യേശുക്രിസ്തു ജീവിച്ച മണ്ണിൽ കൂടിയുള്ള നടപ്പും എല്ലാവരേയും മുഴുവൻ സമയവും ഉത്സാഹവാന്മാരാക്കി. ഫോർട്ടുകൊച്ചി ലിറ്റിൽ ഫ്ളവർ കത്തോലിക്കാ പള്ളിയിലെ വികാരി ബഹു. ജോസഫ് മാക്കോത്തക്കാട് അച്ചനും ഞങ്ങളുടെ കൂടെയുണ്ടായിരുന്നു. പ്രിൻസ് അച്ചന്റെ സിറിയിൻ ഓർത്തഡോക്സ് പള്ളിയിലെ മലയാളം കുർബ്ബാനയിലും, കാനായിലെ കല്യാണസ്ഥലത്തുള്ള 'കാന കാത്തലിക് വെഡ്ഡിങ് ചാപ്പലിലെ' ജോസഫച്ചന്റെ കുർബ്ബാനയിലും ഓർത്തഡോക്സുകാരും കുടെയുണ്ടായിരുന്ന കത്തോലിക്കരും മുഴുവൻ സമയവും പങ്കെടുത്തത് അനുഗ്രഹപ്രദമായിരുന്നു. ഫെബ്രുവരി 17-ാം തീയതിയോടെ ജോർധാൻ, ജറുശലേം , ബത്ലഹേം എന്നിവിടങ്ങളിലെ യേശുക്രിസ്തുവുമായും, പഴയനിയവുമായും ബന്ധപ്പെട്ട സ്ഥലങ്ങളെല്ലാം കണ്ടു കഴിഞ്ഞിരുന്നു.

ഫെബ്രുവരി 16, 17, 18 തീയതികളിൽ താമസിച്ചിരുന്നത് തുടക്കത്തിൽ പറഞ്ഞ ബത്ലഹേമിലെ 'ഇമാൻ റീജൻസി ഇന്റർ നാഷ്ണൽ ഹോട്ട'ലിലായിരുന്നു. എല്ലാ സൗകര്യങ്ങളുമുള്ള പുതിയ ഒരു ഹോട്ടൽ. ഫെബ്രുവരി 18-ാം തീയതി ഉച്ചയോടെ ഇസ്രായേൽ ഈജിപ്ത് ബോർഡറിൽ നിന്ന് ഈജിപ്റ്റിന്റെ ഉള്ളിലേക്ക് 200 മീ. അകലെ ഒരു കൊറിയൻ ടൂറിസ്റ്റ് ബസ്സിലുണ്ടായ ഭീകരാക്രമണത്തിൽ അഞ്ചുപേർ മരിച്ചെന്നുള്ള വാർത്ത കേട്ടു, ബസ്സിലെ ഗൈഡ് പുറത്തിറങ്ങിയ സമയം ആത്മഹത്യാസ്ക്വാഡിലെ ഒരു ഭീകരൻ ബോംബുമായി ബസ്സിൽ ഓടിക്കയറി ബോംബ് പൊട്ടിക്കയായിരുന്നു. ഇത് ലോകമറിഞ്ഞത് ഇസ്രായേലിന്റെ ഇന്റലിജൻസ് സെക്യൂരിറ്റി ക്യാമറായിൽ പതിഞ്ഞ ദൃശ്യങ്ങളിലൂടെയും (ഇസ്രായേൽ പോലീസിന്റെ ബുദ്ധിയും ഇടപെടലുകളും അയൽ രാജ്യക്കാർക്ക് ശരിക്കറിയാം). ഈ സംഭവത്തെക്കുറിച്ച് കേട്ടെങ്കിലും ഞങ്ങൾ അത്ര കാര്യമായെടുത്തിരുന്നില്ല. ഇതേത്തുടർന്ന് ഇസ്രായേൽ ഈജിപ്റ്റ് ബോർഡർ 24 മണിക്കൂർ അടച്ചെന്നും കേട്ടു. ഞങ്ങളുടെ യാത്രാസമയ ക്രമപ്രകാരം 19-ന് വെളുപ്പിനെ ഇമാൻ ഹോട്ടൽ വിട്ടു ബോർഡറിലെത്തുമ്പോഴേക്ക് ബോർഡർ തുറക്കുമെന്നറിയാമായിരുന്നു. ഈ പശ്ചാത്തലത്തിലായിരുന്നു തുടക്കത്തിൽ വിവരിച്ച സംഭവമുണ്ടായതും, എല്ലാവരും പേടിച്ചരണ്ടതും.

ഫെബ്രുവരി 19-ാം തീയതി അതിരാവിലെ തന്നെ ഞങ്ങൾ ഈജിപ്റ്റിലേക്കു പുറപ്പെട്ടു. ബോർഡർ തുറന്നയുടൻ ആദ്യമായി ഈജിപ്റ്റിൽ പ്രവേശിച്ചത് ഞങ്ങളായിരുന്നു. വിശിഷ്ടാതിഥികളുടെ ചുറ്റും കൂടുന്നതുപോലെ ഫോട്ടോഗ്രാഫർമാർ ഞങ്ങളുടെ ഫോട്ടോ എടുക്കുന്നുണ്ടായിരുന്നു. ഇങ്ങിനെയൊരു പ്രതിസന്ധിയിൽ ഈജിപ്റ്റ് സന്ദർശിക്കാൻ ഞങ്ങൾക്കുണ്ടായ ധൈര്യത്തെക്കുറിച്ചും അവർ ഞങ്ങളോടു ചോദിച്ചു (ഞങ്ങൾക്കല്ലേ അറിയൂ പറ്റിയ അബദ്ധം).

19 - ന് ഈജിപ്റ്റിലെ 'താബാ' പട്ടണത്തിൽ തങ്ങിയ ഞങ്ങൾ കേട്ടത് തലേ ദിവസത്തെ സ്ഫോടനത്തിന്റെ ഉത്തരവാദിത്വം 'അൽക്കാദിയ' എന്ന ഭീകര സംഘടനയുടെ ഒരു ഘടകം ഏറ്റെടുത്തെന്നും, വിദേശീയരെല്ലാം 48 മണിക്കൂറിനകം ഈജിപ്റ്റ് വിട്ടുകൊള്ളണമെന്ന ആഹ്വാനവുമായിരുന്നു. ഏതായാലും ആ സമയം കഴിഞ്ഞപ്പോൾ ഞങ്ങൾ കുറേക്കൂടി സുരക്ഷിതമെന്നു തോന്നിയ കെയിറോയിൽ എത്തിയിരുന്നു. അവിടെ നിന്ന് 22 - ന് ഈജിപ്റ്റ് വിടുന്നതു വരെ യാത്രയിലുടനീളം ഞങ്ങൾക്ക് സ്റ്റേറ്റിന്റെ വക'പോലീസ് പ്രൊട്ടക്ഷൻ ഉണ്ടായിരുന്നു'.

എന്തായാലും 20-ാം തീയതി ഈജിപ്റ്റിലെ പ്രധാനദിനപത്രങ്ങൾ ഇറങ്ങിയത് ഞങ്ങളുടെ ഫോട്ടോയും, ഞങ്ങൾ ഈജിപ്റ്റിലെത്തിയ ന്യൂസുമായുമായിരുന്നു.

"ദൈവം നമുക്ക് അനുകൂലമെങ്കിൽ നമുക്ക് പ്രതികൂലം ആര് ? "
(റോമർ 8:32) ■

**മെൽത്തോ - 2014** : മാർച്ച് മാസം 14, 15, 16 തീയതികളിൽ എറണാകുളം 'മറൈൻഡ്രൈവ് ഹെലിപ്പാഡിൽ' നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. മാർച്ച് 14 -ാം തീയതി വെള്ളിയാഴ്ച 5 മണിയോടെ **അഭി. ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനി** ഉദ്ഘാടനം നിർവ്വഹിക്കുന്നതും, **ഫാ. ടി. ജെ. ജോഷ്വാ** സുവിശേഷപ്രസംഗം നടത്തുന്നതുമാണ്.

### വി. കുർബ്ബാനസമയം

**എളംകുളം ചാപ്പൽ :** Mar. 09 - 7.00 a.m., Mar. 16 - 10.30 a.m., Mar. 23 - 7.00 a .m., Mar.30 - 10.30 a.m., Apr. 06 - 7.00 a.m.

**സെമിത്തേരിമുക്ക് ചാപ്പൽ :** Mar. 16 - 7.30 a.m., Mar. 30 - 7.30 a.m.

എല്ലാ ശനിയാഴ്ചയും കുർബ്ബാന 6.45 a.m